# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2106

17.06.2014 ൽ മറുപടിയ്ക്ക്

## സബ്സ്റ്റാഫ് ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട ചട്ടം ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിലെ സബ്സ്റ്റാഫിന്റെ ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) സഹകരണ മേഖലയിലെ സബ്സ്റ്റാഫിന്റെ ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) മൂന്ന് വർഷത്തെ സേവനവും നിശ്ചയിക്കപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുമുള്ളവർക്ക് നിലവിലുള്ള ക്ലാർക്ക് തസ്തികയിലെ ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുവാനുള്ള നിലവിലെ വ്യവസ്ഥ ഭേദഗതി ചെയ്യേണ്ട സാഹചര്യം എന്താണ്; | (ബി) നിലവിലെ വ്യവസ്ഥയിൽ ഭേദഗതി വരുത്തിയിട്ടില്ല. എന്നാൽ സബ്സ്റ്റാഫ് കാറ്റഗറിയിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനായുള്ള കരട് ചട്ടം പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>സഹകരണ സംഘം ജീവനക്കാരുടെ നിയമനം കൂടുതൽ സുതാര്യമാക്കുക, യോഗ്യതയും കഴിവുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അർഹതയുള്ളവരെ ലഭ്യമാക്കുക ആധുനിക സാങ്കേതിക വിദ്യ അനിവാര്യമായ ഈ കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസവും ഉന്നത നിലവാരവുമുള്ള പ്രവേശന പരീക്ഷ പാസ്സായി വരുന്ന ജീവനക്കാരുള്ള കൊമേഴ്സ്യൽ/ദേശസാൽകൃത/ന്യൂജനറേഷൻ ബാങ്കുകളോടൊപ്പം പ്രവർത്തിച്ചുവരുന്ന സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ കാര്യ പ്രാപ്തിയുള്ള ജീവനക്കാരെ ലഭ്യമാക്കുക |

| | | | |
|---|---|---|---|
| | | | എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ഇതര മേഖലയിൽ ഉള്ളത് പോലെ സബ്സ്റ്റാഫ്, വിഭാഗത്തിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് സഹകരണ സ്ഥാപനങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തുനനതിനായി പുതിയ ചട്ടം ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഒൻപത് പേരെ നേരിട്ട് നിയമിക്കുമ്പോൾ ഒരാൾക്ക് പ്രൊമോഷൻ നൽകിയാൽ മതിയെന്ന നിബന്ധന വളരെ കുറച്ചുമാത്രം ജീവനക്കാരുള്ള ബഹുഭൂരിപക്ഷം പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും ഉദ്യോഗക്കയറ്റത്തെ ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; | (ഡി) | നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ സബ്സ്റ്റാഫ് ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട ചട്ടം ഭേദഗതി റദ്ദ് ചെയ്യുമോ? | (ഇ) | നിർദ്ദിഷ്ട കരട് ചട്ടം ഭേദഗതിയ്ക്ക് എതിരെ ലഭ്യമായ ആക്ഷേപങ്ങൾ/പരാതികൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ